"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:SUBHASH T V I A S)

---

നമ്പർ.ഇ1/111/2019/ഐ&പി.ആർ തിരുവനന്തപുരം (14-08-2023)

---

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്- പി.ആർ.ഡി ലൈവ് പദ്ധതിയിലേയ്ക്ക് റിപ്പോർട്ടറായി ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ.ഗോപു.എൻ.ചന്ദ്രനെ പുനർനിയമിച്ചും 2023 ജൂലൈ മാസത്തെ വേതനം അനുവദിച്ചും ഉത്തരവാകുന്നു.

സൂചന: - 1. 11.02.2021 ലെ സ.ഉ.(പി) നം. 29/2021/ധന നമ്പർ ഉത്തരവ്.
2. 08.06.2023 ലെ സ.ഉ.(സാധാ) നം.48/2023/ഐ&പിആർഡി
3. 21.06.2023 ലെ ഇതേ നമ്പർ നടപടി തീർപ്പ്
4 25.07.2023 ലെ ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ) യുടെ കുറിപ്പ്.
5. 01.08.2023 ലെ ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്) ന്റെ കുറിപ്പ്.

<u>ഉത്തരവ്</u>

പി.ആർ.ഡി. ലൈവ് പദ്ധതിയുടെ ഭാഗമായി സൂചന (3) പ്രകാരം ശ്രീ. ഗോപു എൻ. ചന്ദ്രനെ വിവര പൊതുജന സമ്പർക്ക വകുപ്പിലെ വെബ് & ന്യൂ മീഡിയ വിഭാഗത്തിൽ 1,005/- രൂപ ദിവസവേതന നിരക്കിൽ (ഒരു മാസം പരമാവധി 27,135/- രൂപ) 05.05.2023 മുതൽ 89 ദിവസക്കാലയളവിലേയ്ക്ക് റിപ്പോർട്ടറായി നിയമിച്ചിട്ടുള്ളതും ശ്രീ. ഗോപു എൻ. ചന്ദ്രൻ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

2. ശ്രീ. ഗോപു എൻ ചന്ദ്രന്റെ 89 ദിവസക്കാലയളവ് 01.08.2023-നു പൂർത്തിയാകുന്ന സാഹചര്യത്തിൽ ടിയാന്റെ സേവനം തുടർന്നും പി.ആർ.ഡി. ലൈവ് പദ്ധതിക്കു ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സൂചന (4) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട്. ശ്രീ. ഗോപു എൻ ചന്ദ്രൻ 2023 ജൂലൈ മാസത്തിൽ 22 പ്രവൃത്തി ദിനവും 4 അവധി ദിനവും ഉൾപ്പെടെ ആകെ 26 ദിവസം ജോലിക്ക് ഹാജരായതായും ടി ദിവസങ്ങളിലെ വേതനം അനുവദിച്ച് നൽകാവുന്നതാണെന്ന് ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്) സൂചന (5) പ്രകാരവും അറിയിച്ചിട്ടുണ്ട്.

3. നടപ്പു സാമ്പത്തികവർഷം "2220-60-800-78-സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സെർവ്വറിന്റെ മെയിന്റനൻസും (പ്ലാൻ)" ശീർഷകത്തിൽ നിന്നും പി.ആർ.ഡി. ലൈവ് പദ്ധതിയുടെ ഭാഗമായുള്ള കാഷ്വൽ റിപ്പോർട്ടറുടെ വേതനം അനുവദിക്കുന്നതിലേക്കായി തുക വിനിയോഗിക്കുന്നതിന് സൂചന (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

3. ഇക്കാര്യം പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ സൂചന (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.08.2023-ന് സേവനകാലാവധി അവസാനിച്ച ശ്രീ. ഗോപു എൻ. ചന്ദ്രന് 2 ദിവസത്തെ ബ്രേക്ക് നൽകി പി.ആർ.ഡി. ലൈവ് പദ്ധതിയിലേക്ക് 04.08.2023 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ 89 ദിവസക്കാലയളവിലേയ്ക്ക് റിപ്പോർട്ടറായി പുനർനിയമിച്ചും 2023 ജൂലൈ മാസത്തിലെ 22 പ്രവൃത്തി ദിനങ്ങളിലെയും 4 അവധി

ദിനങ്ങളിലെയും ഉൾപ്പെടെ ആകെ 26 ദിവസത്തെ വേതനമായ 26,130/-രൂപ (ഇരുപത്താറായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ മാത്രം) "2220-60-800-78-സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സെർവ്വറിന്റെ മെയിന്റനൻസും (പ്ലാൻ)" ശീർഷകത്തിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു. പ്രസ്തുത തുക ശ്രീ. ഗോപു എൻ. ചന്ദ്രന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Account Number. 33468334415, SBI Nediyasala, Thodupuzha, IFSC: SBIN0006457) ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

SUBHASH T V I A S
DIRECTOR

ശ്രീ.ഗോപു.എൻ. ചന്ദ്രൻ, ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്) മുഖാന്തരം
അഡീഷണൽ ഡയറക്ടർ (ഇഎംഡി)/ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ)/(പ്രസ്റിലീസ്)/(പ്ലാനിംഗ്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (ബി) വകുപ്പ് (3 പകർപ്പുകൾ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.